# ജി എം എൽ പി സ്കൂൾ പാണ്ടിക്കാട്

## നൂറ് കൂട്ടം

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : മലപ്പുറം |
| സ്കൂൾ കോഡ് | : 18567 |
| സ്കൂളിൻ്റെ പേര് | : ജി എം എൽപി സ്കൂൾ പാണ്ടിക്കാട് |
| മേൽ വിലാസം | :പാണ്ടിക്കാട് പി.ഒ മലപ്പുറം ജില്ല, പിൻ കോഡ് :676521 |
| ഫോൺ നമ്പർ | : 98471 86363 (HM) |
| ഇമെയിൽ അഡ്രസ് | : gmlpspandikkad@gmail.com |
| ഗ്രാമപഞ്ചായത്ത് | : പാണ്ടിക്കാട് |
| വിദ്യാഭ്യാസജില്ല | : മലപ്പുറം |
| സബ്ജില്ല | :മഞ്ചേരി |
| ക്ലാസുകൾ | : പ്രീ പ്രൈമറി മുതൽ 5 വരെ |
| മാനേജ്മെൻറ് | : ഗവൺമെൻ്റ് |
| പഠനമാധ്യമം | : മലയാളം,ഇംഗ്ലീഷ് |

| അദ്ധ്യാപകർ | . ചുമത | ക്ലാസ് ചാർജ് |
|---|---|---|
| 1) അലി എംടി (HM) | ◆ഭരണ നിർവ്വഹണം , അച്ചടക്കം, ഓഫീസ് ഫയൽ, പബ്ലിക് റിലേഷൻസ്, ഉച്ചഭക്ഷണം | —------------ |
| 2) ഷാഹിന വിപി (. സീനിയർ അസിസ്റ്റന്റ്) | ◆സ്റ്റാഫ് സെക്രട്ടറി,ഭരണ നിർവ്വഹണം,അച്ചടക്കം, ഓഫീസ് ഫയൽ, ഉച്ചഭക്ഷണം,ബുൾബുൾ,ലൈബ്രറി,പ്രീപ്രൈമറി | ◆Std IV |
| 3) ലെജു എം ജി | ◆ആരോഗ്യ ക്ലബ്,കായിക മേള<br>IEDC | ◆Std II (മലയാളം മീഡിയം ) |
| 4) സാബിറ. വി | ◆SRG കൺവീനർ, ഭരണ നിർവ്വഹണം,അച്ചടക്കം, ഗണിത ക്ലബ്,കലാമേള | ◆Std V |
| 5) സുമി. .കെ | ◆നോഡൽ ഓഫീസർ,ഉച്ചഭക്ഷണം,കായിക മേള,സ്കൂൾ വണ്ടികൾ, S S<br>ക്ലബ് | ◆Std I (ഇംഗ്ലീഷ് മീഡിയം ) |

| | | |
|---|---|---|
| 6) സഫ ബേബി എംപി | ◆ഭാഷാക്ലബ്, വിദ്യാരംഗം, ശാസ്ത്രമേള , | ◆Std III (ഇംഗ്ലീഷ് മീഡിയം |
| 7) റീമ തസ്ലി പികെ | ◆സോഷ്യൽ മീഡിയ, ഡോക്യുമെന്റേഷൻ, ശാസ്ത്രക്ലബ്, ശാസ്ത്ര മേള | ◆Std II (മലയാളം മീഡിയം ) |
| 8) | ◆KSP, ശാസ്ത്ര മേള, ഇംഗ്ലീഷ് ക്ലബ്, | ◆Std III (മലയാളം മീഡിയം ) |
| 9) | ◆അലിഫ് ക്ലബ്, ലൈബ്രറി, സോഷ്യൽ മീഡിയ, കലാ മേള | ◆അറബിക് |
| 10) മെഹർബാൻ എം | ◆കലാ മേള, | ◆പ്രീ പ്രൈമറി |
| 11) സലീന ബീഗം | ◆കലാ മേള, കായിക മേള | ◆പ്രീ പ്രൈമറി |

## *ആമുഖം*

ഒരു നൂറ്റാണ്ടിലേറെയായി കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്ന് പാണ്ടിക്കാടിൻ്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാണ്ടിക്കാട് ജി .എം .എൽ.പി സ്കൂൾ വൈജ്ഞാനിക വർഷമായി പ്രഖ്യാപിച്ചു കൊണ്ടാണ് 2025-26 അധ്യയന വർഷത്തെ സ്വാഗതം ചെയ്യുന്നത്. പുതിയ അറിവുകൾ അന്വേഷിക്കുന്നതിലും ആഴത്തിലുള്ള പഠനം പ്രോത്സാനിപ്പിക്കുന്നതിലുമുള്ള ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ട് കുട്ടികളുടെ അക്കാഡമിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയാണ് ഈ വർഷത്തെ പ്രധാനലക്ഷ്യം. അതു കൊണ്ട് തന്നെ ഒരു കുട്ടിക്ക് ഒരു മാസ്റ്റർ പ്ലാൻ എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുള്ള മികവാർന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾകൊളിച്ചിട്ടുണ്ട്. സമഗ്രമായ ആസൂത്രണവും ചിട്ടയായ പ്രവർത്തനങ്ങളുമാണ് അക്കാദമിക രംഗത്തെ മികവിന് ആക്കം കൂട്ടുന്നത്. ഓരോ പ്രവർത്തനവും യഥാസമയം വിലയിരുത്തുകയും പോരായ്മകൾ ചർച്ച ചെയ്ത് പരിഹാരിക്കുകയും ചെയ്യുന്നു. അധ്യാപകരുടേയും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിൻ്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും പിന്തുണയും സഹകരണവും ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഈ പദ്ധതിയുടെ വിജയത്തിനായി നടത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് സമകാലിക  പഠന രീതികളും പരിശീലന വിഭവങ്ങളും ഉപയോഗപ്പെടുത്തി ഓരോ കുട്ടിയുടേയും വൈദഗ്ധ്യങ്ങൾ തിരിച്ചറിഞ്ഞ് അക്കാഡമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് ഉയർത്തിക്കൊണ്ടുവരിക എന്നതാണ് ഈ മാസ്റ്റർപ്ലാനിൻ്റെ ആധാരം.

# വിദ്യാലയ ചരിത്രം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പാണ്ടിക്കാട് പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് തലയെടുപ്പോടെ നിൽക്കുന്ന ഒരു സ്കൂളാണ് പാണ്ടിക്കാട് ടൗൺ ജി എം എൽ പി സ്കൂൾ. ഈ സ്കൂളിന്റെ ചരിത്രാന്വേഷണത്തിൽ നിന്നും എഴുതപ്പെട്ട രേഖകൾ ഒന്നും തന്നെ കണ്ടെത്താനായില്ല.മുതിർന്ന പൗരന്മാരോടുള്ള അന്വേഷണത്തിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ഈ സ്കൂളിന്റെ ചരിത്രം രേഖപ്പെടുത്താൻ സഹായകമായത്.

ഖിലാഫത്തിനു മുമ്പ് പാണ്ടിക്കാടിലെ പ്രമാണിമാരായ കൊടലയിൽ തറവാട്ടുകാർ നൽകിയ സ്ഥലത്ത് 1912ൽ തുടങ്ങിയ ഓത്തൊള്ളി (ഓത്തുപ്പള്ളി )യാണ് ഈ സ്ഥാപനത്തിന്റെ തുടക്കം. പാണ്ടിക്കാട് പഞ്ചായത്തിലെ മൂന്നാമത്തെ സ്കൂൾ ആണിത്.ഓതിക്കലിനു പുറമേ എഴുത്തും വായനയും അഭ്യസിച്ചിരുന്നു. 1921ലെ മാപ്പിള ലഹളക്കു ശേഷം ബ്രിട്ടീഷുകാർ വട്ടമേശ സമ്മേളനം ചേരുകയും ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്തു. എല്ലാവർക്കും വിവരവും വിദ്യാഭ്യാസവും നൽകുക എന്ന കമ്മീഷന്റെ തീരുമാനപ്രകാരം ഒത്തൊള്ളി മാപ്പിള സ്കൂളാക്കി മാറ്റുകയും ചെയ്തു.

ഒത്തൊള്ളിയിലെ അധ്യാപകർ തന്നെയായിരുന്നു ആദ്യ കാല അദ്ധ്യാപകർ .1942 ലെ ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ദേശീയ നേതാവായിരുന്ന പട്ടിക്കാടൻ മമ്മദ് മാസ്റ്റർ, ചാലിൽ പരി മാസ്റ്റർ, കണ്ണച്ചെത്ത് കുഞ്ഞി മുഹമ്മദ് മാസ്റ്റർ എന്നിവർ ആദ്യകാല അദ്ധ്യാപകരിൽ പ്രമുഖരായിരുന്നു. സ്വതന്ത്രലബ്ധിക്കു മുമ്പ് ഈ സ്കൂളിൽ പഠിച്ചിരുന്ന കെവിഡൻ അബ്ദുള്ള ,മുസ്തഫ എന്നിവരാണ് ഈ പ്രദേശത്തെ ആദ്യകാല ഡോക്ടർമാർ. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ വിദ്യാലയത്തിന് സാമൂഹിക സാംസ്കാരിക അധ്യാപക ആതുര വ്യാപാര സേവന രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം പൂർവ വിദ്യാർത്ഥികൾ ഉണ്ട്.

മലബാർ ഡിസ്ട്രിക്ട് ബോർഡ് നിർമിച്ചു നൽകിയ ഇടഭിത്തിയില്ലാത്ത ഓടിട്ട ഒരു കെട്ടിടത്തിലായിരുന്നു 1 മുതൽ 5 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിച്ചിരുന്നത്. പിന്നീട്കുറെ വർഷങ്ങൾക്ക് ശേഷമാണ് ആസ്ബറ്റോസ് ഷീറ്റിട്ട മറ്റൊരു കെട്ടിടം വന്നത്. ഓരോക്ലാസും രണ്ടു ഡിവിഷൻ വീതം 10 ക്ലാസ്സുകളിൽ കുട്ടികൾ വളരെ തിങ്ങിയിരുന്നാണ് പഠനം നടത്തിയിരുന്നത്. 1994ൽ DPEP യുടെ ഭാഗമായി റോഡിന്റെ മറുവശത്ത് പുതിയകെട്ടിടം വന്നതോടെ ആവശ്യത്തിന് ക്ലാസ് മുറികൾ ലഭ്യമായി. 2024 ഒക്ടോബർ 5ന് പഴയ കെട്ടിടം നിന്നിരുന്ന സ്ഥലത്ത് സർക്കാറിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവിൽ പുതിയ കെട്ടിടം യഥാർത്ഥ്യമായി. പാണ്ടിക്കാടിന്റെ ചിരകാല സ്വപ്നം പൂവണിഞ്ഞു. ഇപ്പോൾ സ്മാർട്ട് ക്ലാസ് റൂമുകളും അക്കാദമിക നിലവാരം ഉയർത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുമായി സ്കൂൾ മുന്നേറി കൊണ്ടിരിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടേയും വൈജ്ഞാനിക പുരോഗതി ഉറപ്പു വരുത്തുന്നതിന്
- ഓരോ കുട്ടിക്കും ഓരോ മാസ്റ്റർപ്ലാൻ എന്ന പദ്ധതിയുടെ പ്രായോഗികമായ ആവിഷ്ക്കാരം
- അധ്യാപകരുടേയും രക്ഷിതാക്കളുടേയും പൊതു സമൂഹത്തിൻ്റെയും പങ്കാളിത്തം
- പഠനപ്രവർത്തനങ്ങളിൽ വ്യക്തത,കൃത്യത, സുതാര്യത ഉറപ്പു വരുത്തുന്നു.
- വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ.
- കലാകായിക പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾ മികവു നേടുന്നതിന്
- ഐ ടി പഠനം കാര്യക്ഷമമാക്കൽ
- കുട്ടികളിൽ സർഗാത്മകത വളർത്താൻ വിവിധ സാഹിത്യശിൽപശാലകൾ സംഘടിപ്പിക്കൽ
- കുട്ടികളെ നല്ല വായനക്കാരാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ'
- എല്ലാ കുട്ടികളിലും ഭാഷയിലെ വിവിധമേഖലകളായ വായന ,എഴുത്ത്, സർഗാത്മകത എന്നിവ ഉയർത്തി കൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കൽ
- ഗണിത ശേഷികളായ സംഖ്യാ ബോധം, ചതുഷ്ക്രിയകൾ, പ്രായോഗികപ്രശ്നനിർധാരണ, മന :ഗണിതം എന്നിവ മികച്ച നിലവാരത്തിലെത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തൽ
- നാട്ടിലെ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മാവിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കൽ
- കുട്ടികളിൽ അച്ചടക്കശീലവും ശുചിത്വശീലങ്ങളും മികച്ചതാക്കുന്നതിന് .
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന്
- കുട്ടികൾക്ക് സർവതോൻമുഖവും ഗുണമേൻമയുമുള്ള വിദ്യാഭ്യാസം നൽകൽ

.

# അക്കാദമിക് മാസ്റ്റർ പ്ലാൻ -2025-26

## പ്രധാന മേഖലകൾ

- ഭാഷ
- ഗണിതം
- ഇംഗ്ലീഷ്
- General Knowledge
- മേളകൾ
- ശാസ്ത്രം
- Key board and mouse
- Best Wishes
- ദിനാചരണങ്ങൾ
- തനതുപ്രവർത്തനങ്ങൾ

# ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷയുടെ അടിസ്ഥാന ശേഷികളായ വായനയും ലേഖനവും നേടിയെന്ന് ഉറപ്പു വരുത്തുക | .പ്രീ ടെസ്റ്റ് | ജൂൺ-3 | ക്ലാസ് അദ്ധ്യാപകർ |
| | .കുട്ടികളുടെ ഇപ്പോഴത്തെ ശേഷികളുടെ അവസ്ഥ നിലവാരം വിലയിരുത്തൽ | | |
| | . കുട്ടികളെ നിലവാരത്തിനനുസരിച്ച് A,B, C ഗ്രേഡ് തിരിക്കൽ | | |
| | .എല്ലാ തിങ്കളാഴ്ചയും ഭാഷ ദിനമായി ആചരിക്കൽ | ജൂൺ-5 | |
| | . ഓരോ ഗ്രേഡിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകൽ | | |
| | .ക്ലാസ് തലത്തിൽ വായനക്കാർഡ് ,ലൈബ്രറി ബുക്ക് എന്നിവ തയ്യാറാക്കൽ | | |
| | . വായനക്കാർഡ് നിർമാണം- വർക്ക് ഷോപ്പ് രക്ഷിതാക്കൾക്ക് | ജൂൺ- 5 | |
| | . എല്ലാ ദിവസവും ക്ലാസ്സിൽ പത്രവായന | | |
| | . ഇഷ്ടവിഷയം അവതരണം | | |
| | . ക്ലാസ് ഡയറി | | |
| | | ജൂൺ മുതൽ | |

| | | | |
|---|---|---|---|
| | .പുസ്തക പരിചയം<br><br>. വായനകുറിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി വരെ<br><br>വർഷം മുഴുവൻ<br><br>ജൂലൈ<br><br>ജൂൺ മുതൽ മാർച്ച്<br>വരെ | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br>PTA<br><br>അദ്ധ്യാപകർ |
| കുട്ടികൾ നേടിയശേഷികളുടെയും മികവുകളുടെയും അടിസ്ഥാനത്തിൽ കൂടുതൽ പുരോഗതി കൈവരിക്കുന്നതിനാവശ്യമായ വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നു | .ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് കുട്ടിയുടെ സമഗ്ര പുരോഗതി വിലയിരുത്തുന്നതിനായിMSP (my students profile) തയ്യാറാക്കുന്നു.<br>. ഓരോ ടേമിലും അധ്യാപകരും രക്ഷിതാക്കളും വിലയിരുത്തി വേണ്ട പിന്തുണ നൽകുന്നു.<br>. ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും ടീം ടീച്ചിങ് നടത്തുന്നു.<br>. എല്ലാ തിങ്കളാഴ്ചയും മലയാളം കോപ്പി എഴുത്ത്. | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br><br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>എല്ലാ ആഴ്ചയും |

| | | | |
|---|---|---|---|
| | എല്ലാ ബുധനാഴ്ചയും മലയാളം ഹോം വർക്ക്<br>വായന- തന്നിരിക്കുന്ന വായനക്കാർഡ് വായിച്ചു വോയ്സ് അയക്കൽ.<br>ലേഖനം- നോക്കി എഴുത്ത്<br>. K star board.<br>(കുട്ടികൾക്ക് 100 ബോണസ് പോയിന്റ് നൽകി തുടർന്നു വരുന്ന പ്രവർത്തനങ്ങൾക്ക് സ്കോർ നൽകി 1000 ത്തിൽ എത്തിക്കൽ.ഓരോ ക്ലാസിലും ലഭിക്കുന്നപോയിന്റ് അടുത്ത ക്ലാസ്സിലേക്ക് നൽകൽ)<br>. Best Student Of The year. കണ്ടെത്തൽ | രക്ഷിതാക്കൾ<br>രക്ഷിതാക്കൾ<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ<br>മാർച്ച് |

| | | | |
|---|---|---|---|
| ഓരോ കുട്ടിയുടെയും സാധ്യതകൾക്കനുസരിച്ച് സർഗാത്മക ശേഷികൾ കണ്ടെത്തി. വികസിപ്പിക്കുന്നതിനാവശ്യമായ | സ്കൂൾ പത്രം<br>. ഓരോ മാസവും ഓരോ ക്ലാസുകാർ തയ്യാറാക്കുന്നു<br>. വിവിധ ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ പ്രസാധക സംഘം<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ഇടപെടലുകൾ നടത്തുക | . 2,3 ക്ലാസുകളെയും 4, 5 ക്ലാസുകളെയും ഓരോ യൂണിറ്റായി തിരിക്കുന്നു.<br>. കവിത ശില്പശാല<br>. കഥ. ശിൽപശാല<br>.പ്രസംഗ പരിശീലനക്കളരി<br>.ചിത്രരചന ക്യാമ്പ്<br>.നാടകക്കളരി<br>.Expert Diary തയ്യാറാക്കുന്നു<br>. രക്ഷിതാക്കൾക്ക് വിവിധ ശില്പശാലകൾ നടത്തുന്നു<br>. സർഗാത്മക രചനകൾക്ക് അവസരം നൽകുന്നു<br>. എന്റെ മാഗസിൻ<br>പഠനോത്സവത്തിൽ ഓരോ കുട്ടിയും സ്വന്തം മ്മഗസിൻ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ, നവംബർ<br>ജൂലൈ, ഡിസംബർ<br>ആഗസ്റ്റ്, ജനുവരി<br>സെപ്റ്റംബർ, ഫെബ്രുവരി<br>ഒക്ടോബർ , മാർച്ച്<br>ജൂൺ, ജൂലൈ<br>സെപ്റ്റംബർ,<br>നവംബർ<br>മാർച്ച് | ഭാഷാ ക്ലബ്,<br>അദ്ധ്യാപകർ, PTA,<br>SMC<br>അദ്ധ്യാപകർ, PTA, SMC, MPTA |

# ഭാഷാപ്രവർത്തനങ്ങൾ (1,2 ക്ലാസ്സുകൾക്ക്)

| A ഗ്രൂപ്പ് | B ഗ്രൂപ്പ് | C ഗ്രൂപ്പ് |
|---|---|---|
| ശ്രാവ്യവായന<br>(വായനകാർഡ്, ലൈബ്രറി ബുക്ക്)<br>ചിത്രകഥാവായന<br>പദസൂര്യൻ<br>പദങ്ങളിൽ നിന്ന് വാക്യങ്ങളിലേക്ക്<br>വിവരണം തയ്യാറാക്കാ<br>സംയുക്ത ഡയറി<br>വരികൾ കൂട്ടിച്ചേർക്കാം<br>കഥ പൂർത്തിയാക്കാം<br>പത്രവായന<br>ആശംസാകാർഡ് നിർമ്മാണം<br>കത്തെഴുത്ത്<br>പുസ്തക പരിചയം | ശ്രവ്യവായന(. വായനക്കാർഡ്)<br>ചിത്രവായന<br>പദസൂര്യൻ<br>വാക്യനിർമാണം<br>കഥയിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തി പെരെഴുതൽ<br>ലഘുവിവരണം തയ്യാറാക്കൽ<br>തലക്കെട്ട് നൽകൽ<br>എന്റെ ചിഹ്നപുസ്തകം<br>കുട്ടിപ്പാട്ടുകൾ<br>പത്രത്തിൽ നിന്നും പദങ്ങൾ കണ്ടെത്തൽ<br>സംയുക്ത ഡയറി<br>മേനിപറച്ചിൽ( പരിചിത വസ്തുക്കൾ) | ശ്രവ്യവായന( വാക്യങ്ങൾ, പദങ്ങൾ)<br>ചിത്രവായന<br>അക്ഷര പരിചയം<br>എന്റെ പേരെഴുതാം<br>വീട്ടുകാരെ പരിചയപ്പെടുത്താം<br>ഒരു ദിവസം ഒരു വാക്ക്<br>ആഭരണമണിയിക്കാം<br>വളരുന്ന അക്ഷര മരം<br>കഥയിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്താം<br>വരയ്ക്കാം നിറം നല്കാം<br>അഭിനയകേളി<br>പത്രത്തിൽ നിന്നും അക്ഷരങ്ങൾ , പദങ്ങൾ കണ്ടെത്തൽ<br>സംയുക്ത ഡയറി<br>കുട്ടിപ്പാട്ടുകൾ |

# ഭാഷാപ്രവർത്തനങ്ങൾ. ക്ലാസ് 3,4 ,5

| A ഗ്രൂപ്പ് | B. ഗ്രൂപ്പ് | C ഗ്രൂപ്പ് |
|---|---|---|
| പത്രവായന | ശ്രാവ്യവായന | പദങ്ങളിൽ നിന്ന് വാക്യത്തിലേക്ക് |
| ലൈബ്രറി പുസ്തകം- വായന | ( വായനക്കാർഡ്, ലൈബ്രറി ബുക്ക്) | ചിത്രത്തിൽ നിന്നും കഥ കണ്ടെത്താം |
| പുസ്തക പരിചയം | വാക്യകേളി | കഥാപത്രങ്ങളെ തിരിച്ചറിയൽ |
| കവിതയ്ക്ക് ഈണം കണ്ടെത്തൽ | ലഘു വിവരണം | പേര് നൽകൽ |
| ആസ്വാദനക്കുറിപ്പ് | പുസ്തക പരിചയം | വായിക്കാം ഉത്തരം കണ്ടെത്താം |
| വരികൾ കൂട്ടിച്ചേർക്കാം | ചൊല്ലുകൾ നിറക്കാം | ആടാം പാടാം |
| കഥാരചന | ആടാം പാടാം | പദചങ്ങല |
| സാഹിത്യകാരനെ അറിയാം | വരികൾ കൂട്ടിച്ചേർക്കാം | ലഘുവിവരണം |
| കുറിപ്പെഴുതാം | കഥ പൂർത്തിയാക്കാം | ശ്രാവ്യവായന |
| ആത്മകഥ തയ്യാറാക്കാം | പദസൂര്യൻ | ആശംസകാർഡ് തയ്യാറാക്കൽ |
| വർണിച്ചെഴുതാം | പത്രവായന | ചങ്ങലകഥ |
| പത്രവാർത്ത | പദചങ്ങല | കഥപൂർത്തിയാക്കൽ |
| ചിത്രീകരണം | ചിത്രീകരണം | കുട്ടിപ്പാട്ടുകൾ |
| | | വരയ്ക്കാം എഴുതാം |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സംഖ്യബോധം ഉറപ്പിക്കൽ | പ്രീ ടെസ്റ്റ്<br>കുട്ടികളെ നിലവാരത്തിനനുസരിച്ച് A ,B, C. ഗ്രേഡ് തിരിക്കുന്നു.<br>പഠനപിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു<br>എല്ലാ വെള്ളിയാഴ്ചയും maths day ആയി നടത്തുന്നു.<br>അബാക്കസ് പരിചയപ്പെടുത്തുന്നു.<br>അബാക്കസ് നിർമ്മാണം.<br>വിവിധ ഗണിത കേളികൾ | ജൂൺ-3<br>ജൂൺ-5<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | ക്ലാസാദ്ധ്യാപകർ<br>ഗണിത ക്ലബ് |
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ഡൊമിനോ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>സംഖ്യാകാർഡുകൾ | ജൂൺ- മാർച്ച് | അദ്ധ്യാപകർ |

| | | | |
|---|---|---|---|
| മന:ഗണിതം<br>പ്രത്യേക പരിശീലനം | വിവിധ ഗണിത കേളിക<br>വിവിധ പസിലുകൾ നിർധാരണം ചെയ്യൽ<br>ജിയോജിബ്ര പരിശീലനം<br>മന: ഗണിത ചോദ്യങ്ങൾ അടങ്ങിയ സ്കൂൾ പോർട്ടൽ തയ്യാറാക്കൽ<br>കൈകൾ കൂട്ടി കെട്ടി- മന: ഗണിത കേളി | ജൂൺ -മാർച്ച് | അദ്ധ്യാപകർ |
| പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br><br>ഗണിതത്തെ നിത്യജീവിത വുമായി ബന്ധിപ്പിക്കൽ | വിവിധ പസിലുകൾ സോൾവ് ചെയ്യൽ.<br>ഗണിത ശില്പശാല<br>ഗണിതമേളക്ക് പ്രത്യേക പരിശീലനം<br>ഓരോ ക്ലാസിനും അനുയോജ്യമായ പ്രയോഗിക തലത്തിലുള്ള ചോദ്യകൂട്ടങ്ങൾ ഒരുക്കൽ<br>കുട്ടിച്ചന്തയുട പ്രവർത്തനങ്ങൾ വിപുലീകരിക്കൽ.<br>വാങ്ങാൻ വരുന്നവരും വിൽക്കുന്നവരും ബിൽ തയ്യാറാക്കി ഒത്തു നോക്കൽ<br>പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കണ്ടെത്തൽ<br>രക്ഷിതാക്കൾക്ക് ഗണിത ശിൽപ ശാല | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്അദ്ധ്യാപകർ<br><br>അദ്ധ്യാപകർ, PTA |

# ഗണിത പ്രവർത്തനങ്ങൾ ക്ലാസ് 1,2

| A. ഗ്രൂപ്പ് | B. ഗ്രൂപ്പ് | . C ഗ്രൂപ്പ് |
|---|---|---|
| സംഖ്യാപോക്കറ്റ് | ഗണിത കേളികൾ | സംഖ്യാകാർഡുകൾ |
| സംഖ്യാറിബൺ നിർമ്മാണം | ഞാനാരാണെന്നറിയാമോ? | എണ്ണങ്ങളോടെ കളി |
| അബാക്കസ് | സംഖ്യാപോക്കറ്റ് | ഗണിത കേളികൾ |
| ഗണിത കേളികൾ | എണ്ണങ്ങളോടെ കളി | സംഖ്യാപോക്കറ്റ് |
| സംഖ്യാതിളക്കം | അബാക്കസ് | സംഖ്യാറിബൺ |
| സംഖ്യാവേഗ മത്സരം | ഫ്ലാഷ് കാർഡ് മാച്ചിങ് | ഫ്ലാഷ് കാർഡ് മാച്ചിങ് |
| ഒരു ദിനം ഒരു ചോദ്യം | സംഖ്യാറിബൺ | കൂട്ടുകാരെ കണ്ടെത്താം |
| വലുതാര് ചെറുതാര് | വലുതാര് ചെറുതാര് | Estimation Jar (ജാറിൽ മുത്തുകൾ നിറച്ച് ഊഹം പറയുന്നു.എണ്ണുന്നു) |
| പാറ്റേൺ | പാറ്റേൺ | സംഖ്യാകഥകൾ |
| കളിനോട്ട് നിർമാണം | ഒറ്റയും ഇരട്ടയും | നോട്ടുകൾ എണ്ണാം |
| കൈകൾ കൂട്ടിക്കെട്ടി ചെയ്യാം | സംഖ്യാകഥകൾ | പാമ്പും കോണിയും |
| പാമ്പും കോണിയും | ഡൈസ് കളി | |
| | പാമ്പും കോണിയും | |

# ഗണിത പ്രവർത്തനങ്ങൾ ക്ലാസ് 3, 4, 5

| A ഗ്രൂപ്പ് | B ഗ്രൂപ്പ് | C ഗ്രൂപ്പ് |
|---|---|---|
| അബാക്കസ് നിർമാണം<br>സംഖ്യാ റിബൺ<br>സ്ഥാനവിലകാർഡ്<br>സംഖ്യാവ്യാഖ്യാനം<br>പാമ്പും കോണിയും<br>ഡോമിനോ ഗെയിംസ്<br>കളിനോട്ട് നിർമാണം<br>മൾട്ടിപ്ലിക്കേഷൻ ബിൻഗോ<br>കൈകൾ കൂട്ടിക്കെട്ടി<br>മന:ഗണിതം<br>മാന്ത്രിക ചതുരം<br>ജിയോ ജിബ്ര<br>ഗണിത പസിലുകൾ<br>Guess the number<br>ഗണിത കേളികൾ | അബാക്കസിൽ മുത്തുകൾ കോർക്കൽ<br>എന്നെ കണ്ടെത്തൂ<br>ഒളിഞ്ഞിരിക്കുന്നതാര്<br>മാന്ത്രിക സംഖ്യ<br>സംഖ്യാറിബൺ<br>കളിനോട്ട് നിർമ്മാണം<br>പാമ്പും കോണിയും<br>ഡോമിനോ ഗെയിംസ്<br>ഗണിത പസ്സിലുകൾ<br>മന: ഗണിതം<br>. ഒറ്റയും ഇരട്ടയും<br>വരച്ചു ചേർക്കാം<br>മുന്നിലാര് പിന്നിലാര്<br>ഗണിത കേളികൾ | എണ്ണി എഴുതാം<br>ക്രമപ്പെടുത്താം<br>മുന്നിലാര് പിന്നിലാര്<br>ആയിരമാക്കാമോ<br>വരച്ചു യോജിപ്പിക്കാം<br>ഒറ്റയും ഇരട്ടയും<br>ഒളിഞ്ഞിരിക്കുന്നതാര്?<br>മാച്ചിങ് കാർഡ്<br>ഗണിത പസിലുകൾ<br>മന:ഗണിതം<br>മാന്ത്രിക സംഖ്യ<br>കൂട്ടാം കുറയ്ക്കാം<br>ഗണിത കേളികൾ<br>ഗണിത പസിലുകൾ |

# English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം🔙 | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിലെ അടിസ്ഥാന ശേഷികൾ( LSRW) നേടിയെന്ന് ഉറപ്പു വരുത്തുന്നതിന് | ◆പ്രീ ടെസ്റ്റ്<br>◆കുട്ടികളെ A B. C ഗ്രൂപ്പുകൾ ആക്കി തിരിക്കൽ<br>◆പഠന പിന്തുണ നൽകൽ<br>◆എല്ലാ ബുധനാഴ്ചയും English hour<br>◆Me and My self<br>◆ഇംഗ്ലീഷ് ന്യൂസ് പേപ്പർ വായന<br>◆ഇംഗ്ലീഷ് അസംബ്ലി<br>◆ഇംഗ്ലീഷ് റേഡിയോ<br>◆ആഴ്ചതോറും സ്കൂൾ ന്യൂസ് സംപ്രേഷണം<br>◆മാസത്തിലൊരിക്കൽ ഇന്റർവ്യൂ<br>◆Voccabulary game | ജൂൺ 3<br>ജൂൺ5<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ, ജൂലൈ<br>ആഴ്ചയിലൊരിക്കൽ | അദ്ധ്യാപകർ<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| കമ്മ്യൂണിക്കേറ്റീവ് സ്കിൽ develop ചെയ്യുന്നതിന് | ◆ English Assembly<br>◆ Pair interview<br>◆ Question Bank<br>◆ ഓരോ ക്ലാസിനും യോജിച്ച ചോദ്യങ്ങൾ തയ്യാറാക്കുന്നു<br>◆ English Speech<br>◆ ഓരോ ക്ലാസിൽ നിന്നും രണ്ട് ഇംഗ്ലീഷ് സ്കിറ്റുകൾ<br>◆ English camp<br>◆ ഇംഗ്ലീഷ് ഫെസ്റ്റ് | ആഴ്ചയിലൊരിക്കൽ<br>ആഴ്ചയിലൊരിക്കൽ<br>ജൂൺ -മാർച്ച്<br>ആഴ്ചയിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>പ്രധാന ദിവസങ്ങളിൽ<br>ജൂൺ മുതൽ മാർച്ച്<br>സെപ്റ്റംബർ<br>മാർച്ച് | ക്ലാസ് അദ്ധ്യാപകർ<br>ഇംഗ്ലീസ് ക്ലബ്<br>അദ്ധ്യാപകർ<br>അദ്ധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്<br>ഇഗ്ലീഷ് ക്ലബ് |

# English activities class 1,2

| A. Group | B group | C group |
|---|---|---|
| ◆Reading cards | ◆ReadingCards | ◆Shuffled letters |
| ◆Action songs | ◆Action songs | ◆Find missing letters |
| ◆Me &My self introduction | ◆Me &My | ◆Matching words with pictures |
| ◆Watch story vedio and write about the charectors | ◆Watch story vedio and findout the. Charectors | ◆Jumpled word |
| ◆Chain story | ◆Word web | ◆Word web |
| ◆Add more lines | ◆Riddle making | ◆Story vedio |
| ◆Word web | ◆Add more lines | ◆Action song |
| ◆Dictionary making | ◆Chain story | ◆Rhymes |
| ◆Riddle making | ◆English games | ◆English game |
| ◆Games | ◆Picture description | ◆picture description |
| ◆Picture discription | ◆Voccabulary games | ◆Word game |
| ◆Conversation | ◆One day one. Word | ◆One day one word |
| ◆English diary | | |

# English Activities Class 3,4,5

| A group | B group | **C group** |
|---|---|---|
| ◆Me and my self introduction<br>◆Reading theatre<br>◆Read the passage with various modulation<br>◆Question making<br>◆What, why, where, which, who, how how many etc<br>◆Add more lines<br>◆Riddles making<br>◆Role play<br>◆English speech<br>◆Choreography<br>◆Story reading<br>◆Story telling | ◆Loud reading<br>◆Me and my self introduction<br>◆Add more lines<br>◆Action songs<br>◆Rhymes<br>◆Making new words from the given word<br>◆Draw the picture and find out the words<br>◆Making sentences<br>◆Picture description<br>◆Word wall<br>◆Show and tell<br>◆Rhyming words game | ◆Find out missing letters<br>◆Making new words from the given word<br>◆Jumble word<br>◆Watches story video and find out characters<br>◆Draw the picture and find out name of objects<br>◆Picture description<br>◆Word ladder<br>(change one letter and make a new word)<br>◆Action songs<br>◆Simple rhymes<br>◆Story Card |

| | | |
|---|---|---|
| ◆ Make greeting cards<br>◆ News reading | ◆ English games<br>◆ Chain story | ◆ Picture story<br>◆ English games |

**GK**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ◆ പൊതു വിജ്ഞാനത്തിന്റെ അടിസ്ഥാന അറിവുകൾ എല്ലാവരും നേടിയെന്ന് ഉറപ്പുവരുത്തുക | �എല്ലാ ബുധനാഴ്ചയും GK Hunt<br>◆ പൊതു വിജ്ഞാന ചോദ്യങ്ങൾ വിവിധ വിഷയങ്ങളായി തരം തിരിക്കുന്നു<br>◆ ഓരോ മാസവും ഓരോ വിഷയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | അദ്ധ്യാപകർ |
| ◆ വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് | ◆ ഓരോ ക്ലാസ്സിനും അനുയോജ്യമായ നിലവാരത്തിലുള്ള ചോദ്യങ്ങൾ കണ്ടെത്തുന്നു<br>◆ ഓരോ മാസവും ക്ലാസ് തല സ്കൂൾ തല | ജൂൺ മുതൽ ഫെബ്രുവരി | അദ്ധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളെ പ്രാപ്തരക്കുക<br><br>◆ വിവിധ മത്സര പരീക്ഷകളിൽ വിജയം ഉറപ്പാക്കുക<br><br>◆ പുതിയ വിവരങ്ങൾ തത്സമയം ഗ്രഹിക്കുന്നതിന് | ക്വിസ്സുകൾ സംഘടിപ്പിക്കുന്നു<br><br>◆ സബ് ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു<br><br>�ദിനചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br><br>◆ വിജയ പഥം<br><br>രക്ഷിതാക്കൾക്കും കുട്ടികൾക്കും ക്വിസ് മത്സരം<br><br>◆ മെഗാ ക്വിസ് | ഓരോ മാസവും<br><br>ഫെബ്രുവരി<br><br>മാർച്ച് | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br>PTA |

# GK വിവിധ വിഷയങ്ങൾ

. ജൂൺ. -എന്റെ കേരളം

. ജൂലൈ - എന്റെ ജില്ല, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

. ഓഗസ്റ്റ്. - എന്റെ ഇന്ത്യ (ഭൂപ്രകൃതി, രാഷ്ട്രീയം, ചരിത്രം )

. സെപ്റ്റംബർ- മലയാള സാഹിത്യം

. ഒക്ടോബർ - കലകൾ

. നവംബർ -. ശാസ്ത്രം

. ഡിസംബർ -. ബഹിരാകാശം

. ജനുവരി -. ചരിത്രം

. ഫെബ്രുവരി - മെഗാ ക്വിസ് (കുട്ടികൾക്കും രക്ഷിതാക്കൾക്കും )

# മേളകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ◆ഓരോ കുട്ടിയുടെയും കലാ കായിക പ്രവൃത്തി പരിചയ ശേഷികൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിന് | ◆ക്ലാസ്സ് തല സ്ക്രീനിംഗ<br>◆ ഓരോ ക്ലാസ്സിൽ നിന്നും ഓരോ ഇനത്തിലും മികച്ചവരെ കണ്ടെത്തൽ<br>�സകൂൾ തല സ്ക്രീനിംഗ് | ജൂൺ | ക്ലാസ് അദ്ധ്യാപകർ |
| ◆ ഓരോ മേഖലയിലും മികച്ച നിലവാരം പുലർത്തുന്നവർക്ക് പരിശീലനം നൽകുന്നതിന് | ◆ബാലസഭ<br>◆ സ്കൂൾ കലോത്സവം<br>◆ സ്കൂൾ കായിക മേള<br>�വിവിധ മേളകൾ | രണ്ടാഴ്ച. കൂടുമ്പോൾ<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>അവധി ദിവസങ്ങൾ | |
| ◆ സബ് ജില്ല മേളകളിൽ മികച്ച വിജയം ഉറപ്പുവരുത്തുന്നതിന് | ◆ തെരെഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>◆ അവധി ദിവസങ്ങളിൽ കോച്ചിംഗ് ക്യാമ്പുകൾ<br>◆ Expert കോച്ചിംഗ് | അവധി ദിവസങ്ങൾ | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രവബോധംവളർത്തുന്നതിനും ശാസ്ത്ര പ്രവർത്തനങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കുന്നതിനും | ◆എല്ലാ കുട്ടികൾക്കും ക്ലാസ്സ്തലത്തിൽ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | അദ്ധ്യാപകർ<br>രക്ഷിതാക്കൾ |
| | ◆ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | | ശാസ്ത്രക്ലബ് |
| | ◆ശാസ്ത്ര മാഗസിൻ സ്കൂൾ തലത്തിൽ തയ്യാറാക്കുന്നു | ഫെബ്രുവരി | |
| | ◆ദേശീയ ശാസ്ത്ര ദിനത്തിൽ പ്രകാശനം ചെയ്യൽ | | |
| | ◆എന്റെ കൗതുക ലോകം | | |
| | ◆സ്കൂളിലെ എല്ലാ കുട്ടികൾക്കും ഒരുമിച്ച് ശാസ്ത്ര പരീക്ഷണങ്ങളും പ്രദർശനങ്ങളും നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നു. | ഫെബ്രുവരി -28 | ശാസ്ത്രക്ലബ്<br>അദ്ധ്യാപകർ<br>PTA |

**KEY BOARD AND MOUSE**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കമ്പ്യൂട്ടർ പ്രവർത്തനങ്ങ ൾ പ്രായോഗികമാക്കുന്നതിന് | ◆എല്ലാ ക്ലാസിലും എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിചയപ്പെടുന്നതിനുള്ള അവസരം നൽകുന്നു. | ജൂൺ-ജൂലൈ | അദ്ധ്യാപകർ |
| കളിപ്പെട്ടി, eവിദ്യ എന്നിവയിലെ മുഴുവൻ പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നതിന് | ◆ആഴ്ചയിൽ ഒരു ദിവസം മുഴുവൻ ലാപ്ടോപ്പും ഉപയോഗിച്ച് കുട്ടികൾക്ക് ഗ്രൂപ്പ് തിരിച്ച് IT പ്രവർത്തനങ്ങൾ നൽകുന്നു<br>തിങ്കൾ -1<br>ചൊവ്വ-2<br>ബുധൻ-3<br>വ്യാഴം-4<br>വെള്ളി-5<br>◆കമ്പ്യൂട്ടർ ലാബ് സജ്ജമാകുന്നതോടെ pair ഗ്രൂപ്പിൽ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു | ജൂൺ-മാർച്ച് | അദ്ധ്യാപകർ |

**BEST WISHES**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| LSS, നവോദയ തുടങ്ങിയ പരീക്ഷകളിൽ കുട്ടികളുടെ പങ്കാളിത്തം കൂട്ടുന്നതിനും വിജയം കൈവരിക്കുന്നതിനും | ◆ഒന്നാം ടേമിൽ തന്നെ അഞ്ചിൽ നിന്നും നാലിൽ നിന്നും മികച്ച കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | ക്ലാസ് അദ്ധ്യാപകർ |
| | ◆ഗ്രഹണ വായനയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു | ജൂലൈ | എല്ലാ അധ്യാപകരും |
| | ◆ഓരോ അദ്ധ്യാപകരും വിഷയഅടിസ്ഥാനത്തിൽ കൂടുതൽ പരിശീലനം നൽകുന്നു | ജൂലൈ മുതൽ പരീക്ഷ വരെ | എല്ലാഅധ്യാപകരും |
| | ◆pair ഗ്രൂപ്പുകളായി തിരിച്ച് | | |

| | | | |
|---|---|---|---|
| | അധ്യാപകരുടെ നേതൃത്വത്തിൽ വ്യക്തിഗത പിന്തുണ നൽകുന്നു.<br>◆ Expert ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>◆ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകുന്നു<br>◆ മോഡൽ പരീക്ഷകൾ സംഘടിപ്പിക്കുന്നു<br>◆ Winners Eve നടത്തുന്നു. | സെപ്റ്റംബർ മുതൽ പരീക്ഷ വരെ<br>ജനുവരി-ഫെബ്രുവരി<br>ജനുവരി<br>ജനുവരി- ഫെബ്രുവരി<br>റിസൾട്ടിന് ശേഷം | HM.അദ്ധ്യാപകർ<br>പിടിഎ,സ്റ്റാഫ് |

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 💥വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിന് .<br><br>💥 ദിനാചരണ പ്രവർത്തനങ്ങളിൽ സജീവമായിപങ്കെടുക്കുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും . | 🔷പ്രവേശനോത്സവം<br>സ്കൂൾ അലങ്കരിക്കൽ<br>ഷാൾ അണിയിച്ച് കുട്ടികളെ സ്വാഗതം ചെയ്യൽ<br>അക്ഷരകിരീടം അണിയിക്കൽ<br>സെൽഫി കോർണർ<br>കലാപരിപാടികൾ<br>🔷ജൂൺ 5 പരിസ്ഥിതി ദിനം<br>സ്കൂൾ പൂന്തോട്ടം നവീകരണം<br>ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം<br>പ്രസംഗമത്സരം<br>🔷ബലിപെരുന്നാൾ ആഘോഷം<br>സ്പെഷ്യൽ ഫുഡ്<br>മെഗാ ഒപ്പന<br>മൈലാഞ്ചി മത്സരം | ജൂൺ | HM<br>അദ്ധ്യാപകർ<br>PTA<br>MPTA<br>SMC<br>ക്ലബുകൾ |

| | | | |
|---|---|---|---|
| | ◆ജൂൺ 19 വായനദിനം<br>അമ്മ ലൈബ്രറി ഉദ്ഘാടനം<br>'പുസ്തകാസ്വാദനക്കുറിപ്പ് മത്സരം - രക്ഷിതാക്കൾക്ക്<br>വായന മത്സരം<br>വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം<br>◆ജൂൺ26 ലഹരി വിരുദ്ധ ദിനം<br>ബോധവൽക്കരണം<br>സിനിമ പ്രദർശനം<br><br>◆ജൂലൈ 5 ബഷീർദിനം<br>മാഗസിൻ നിർമ്മാണം<br>ക്വിസ്<br>കഥാപാത്രത്തെ പരിചയപ്പെടൽ<br>◆ജൂലൈ 21 ചാന്ദ്രദിനം<br>ചാന്ദ്ര മനുഷ്യൻ<br>കൊളാഷ് മേക്കിങ്<br>◆ആഗസ്റ്റ് 15 സ്വാതന്ത്ര ദിനം<br>സ്കൂൾ തലത്തിൽ വിവിധങ്ങളായ പരിപാടികൾ | | |

| | | | |
|---|---|---|---|
| | പ്രസംഗം മത്സരം<br>ദേശഭക്തിഗാനം മത്സരം<br>◆സെപ്റ്റംബർ 5 അധ്യാപക ദിനം<br>കുട്ടി ടീച്ചർ<br>അനുഭവം പങ്കുവെക്കൽ<br>◆ഓണാഘോഷം<br>പൂക്കളം<br>ഓണ സദ്യ<br>വിവിധ മത്സരങ്ങൾ<br>◆ഒക്ടോബർ 2 ഗാന്ധിജയന്തി<br>ക്വിസ്<br>സേവനവാരം<br>◆നവംബർ 1 കേരളപ്പിറവി ദിനം<br>കുട്ടി ചങ്ങല<br>ഭാഷാ സംരക്ഷണ പ്രതിജ്ഞ<br>◆നവംബർ-7<br>സ്കൗട്ട് ആൻഡ് ഗൈഡ് ഡേ<br>വിവിധ ക്ലാസുകൾ | | |

| | | | |
|---|---|---|---|
| | കളികൾ<br>◆നവംബർ -14<br>ശിശുദിനം<br>വേഷം അണിയൽ<br>ഡോക്യുമെന്ററി പ്രദർശനം<br>◆ഡിസംബർ 18 അറബി ഭാഷാ ദിനം<br>അറബി അസംബ്ലി<br>അക്ഷരമരം<br>പോസ്റ്റർ<br>ക്വിസ്<br>◆ക്രിസ്തുമസ് ന്യൂ ഇയർ<br>കേക്ക് കട്ടിംഗ്<br>ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം<br>◆ജനുവരി -26<br>റിപ്പബ്ലിക് ദിനം<br>പതാക ഉയർത്തൽ<br>പരേഡ് | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ | |

| | | | |
|---|---|---|---|
| | ◆ഫെബ്രുവരി -21<br>മാതൃഭാഷ ദിനം<br>പ്രത്യേക അസംബ്ലി<br>മാഗസിൻ നിർമാണം<br>◆ഫെബ്രുവരി -28<br>ദേശീയ ശാസ്ത്ര ദിനം<br>എന്റെ കൗതുക ലോകം<br>ലഘു പരീക്ഷണങ്ങൾ<br>ശാസ്ത്ര പ്രദർശനം | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

# തനതുപ്രവർത്തനങ്ങൾ

- MSP (My  Student Profile)

ഓരോ കുട്ടിയുടെയും വിശദവിവരങ്ങൾ അടങ്ങിയബയോഡാറ്റയും. അക്കാദമിക രംഗത്തെ മികവുകളും ഉൾകൊള്ളിച്ച കൈപ്പുസ്തകം.ഓരോ ടേമിലും അധ്യാപകരും രക്ഷിതാക്കളും വിലയിരുത്തുന്നു.SRG യുടെയും രക്ഷിതാക്കളുടെയുംപിന്തുണയോടെ പ്രവർത്തനങ്ങൾ

ഏകോപിക്കുന്നു.

പ്രതീക്ഷിത ചെലവ്:  Rs 3000

- KSP (K STAR PROGRAMME)

ഓരോ കുട്ടിയുടെയും അച്ചടക്കവും ശുചിത്വശീലവുംമികച്ചതാക്കുന്നതിനുള്ള സ്കോർ ഷീറ്റ്. അധ്യാപകരും കുട്ടിയും ചേർന്ന് വിലയിരുത്തുന്നു. നൽകിയിരിക്കുന്ന 100 ബോണസ് പോയിന്റിന്റെ കൂടെ കൂടുതൽ പ്ലസ് പോയിന്റ് നേടി 1000 ത്തിൽ എത്തുന്ന കുട്ടിക്ക് KStar അവാർഡ് നൽകുന്നു. പ്രതീക്ഷിത ചെലവ്: RS 2000

- ENGLISH  RADIO

സ്കൂളിലും പരിസര പ്രദേശങ്ങളിലും നടക്കുന്ന പ്രധാന സംഭവങ്ങൾഇംഗ്ലീഷ് വാർത്തയാക്കി യൂട്യൂബ് ചാനലിൽ നൽകുന്നു. അധ്യാപകരും കുട്ടികളും ചേർന്ന് വാർത്തകൾ കണ്ടെത്തി എഡിറ്റ് ചെയ്ത് അവതരിപ്പിക്കുന്നു.രണ്ടാഴ്ചയിൽ ഒരിക്കൽ ഈപ്രവർത്തനം നടത്തുന്നു.രക്ഷിതാക്കളുടെ പിന്തുണയോടെ വാർത്ത എല്ലാവരിലും എത്തിക്കുന്നു.

- Me Myself

പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും അവരുടെ നിലവാരത്തിനനുസരിച്ച് സെൽഫ് introduction തയ്യാറാക്കുന്നു. കുട്ടിയുടെ ഫോട്ടോ പതിച്ച് സ്കൂൾ തല മാഗസിൻ ആക്കി മാറ്റുന്നു.അദ്ധ്യാപകർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പ്രതീക്ഷിത ചെലവ് :800

- CEC. (Communicative English Camp)

ഓണം അവധിക്കാലത്ത് 3,4,5 ക്ലാസിലെ കുട്ടികൾക്കായി CEC സംഘടിപ്പിക്കുന്നു. Expert ക്ലാസുകൾ, ഗെയിമുകൾ,ആക്റ്റിവിറ്റികൾ എന്നിവ ഉൾപ്പെടുത്തുന്നു. ഇംഗ്ലീഷിനോടുള്ള interest കൂട്ടാനും നല്ല രീതിയിൽ ഇംഗ്ലീഷ് സംസാരിക്കാനും അവസരം നൽകുന്നു.അദ്ധ്യാപകർ,PTA,SMCഎന്നിവരുടെ സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നു. പ്രതീക്ഷിത ചെലവ് -5000

- സ്കൂൾ പോർട്ടൽ

മന:ഗണിത ചോദ്യങ്ങൾ, pair intetview ചോദ്യങ്ങൾ,വിഷയാടിസ്ഥാനത്തിലുള്ള GK ചോദ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ പോർട്ടൽ തയ്യാറാക്കുന്നു. അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർ ഇത് പ്രയോജനപ്പെടുത്തുന്നു

- അങ്ങാടിപ്പാട്ട്

വിവിധ ഇനങ്ങളിൽ കഴിവ് തെളയിച്ച കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾ പ്രസാധക സംഘംവ് രൂപീകരിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ പ്രിന്റഡ് മാഗസിൻ തയ്യാറാക്കുന്നു. രക്ഷിതാക്കളുടെ രചനകൾ കൂടി ഉൾപ്പെടുത്തുന്നു.അദ്ധ്യാപകർ വിലയിരുത്തുന്നു. പ്രതീക്ഷിത ചെലവ് :5000

◆ വിജയപഥം

LSS ,നവോദയ തുടങ്ങിയ മത്സര പരീക്ഷകൾക്ക് കുട്ടികളെ സജ്ജമാക്കൽ. പ്രത്യേക പരിശീലനങ്ങൾ , വർക്ക് ഷീറ്റുകൾ, മോഡൽ പരീക്ഷകൾ എന്നിവ നടത്തുന്നു. അദ്ധ്യാപകർ, PTA എന്നിവരുടെ സഹായത്തോടെ പരിപാടി മികച്ചതാക്കുന്നു.

പ്രതീക്ഷിത ചെലവ് -RS. 2000

◆ എന്റെ കൗതുകലോകം

കുട്ടികളിൽ ശസ്ത്രാഭിരുചി വളർത്തുന്നതിനായി ക്ലാസ് തലത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിച്ച് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പരിപാടി.കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണ ചെയ്യാനും പ്രദർശനങ്ങൾ നടത്താനും അവസരം ഉണ്ടായിരിക്കും. SRG, PTA,SMC,എന്നിവരുടെ സഹായത്തോടെയാണ്. ഇത് സംഘടിപ്പിക്കുക.

പ്രതീക്ഷിത ചെലവ്. Rs -3000

◆ ഞങ്ങളോടാണോ കളി

സാമൂഹിക പങ്കാളിത്തത്തോടെ കുട്ടികളും രക്ഷിതാക്കളും ചേർന്നു നടത്തുന്ന GK Mega Hunt. ക്ലാസ് തലത്തിൽ തീം അടിസ്ഥാനത്തിൽ മാസം തോറും നൽകി വരുന്ന ചോദ്യോത്തര പരിപാടിയിൽ നിന്നും മികച്ച കുട്ടികളെ കണ്ടെത്തിയാണ് പരിപാടിയിൽ പങ്കെടുപ്പിക്കുക. കുട്ടികളും രക്ഷിതാക്കളും നേർക്കുനേർ മത്സരിക്കുന്ന ഈ പരിപാടിക്ക് SRG, PTA,SMC,ക്ലബുകൾ എന്നിവരുടെ സഹകരണം ഉണ്ടായിരിക്കും.

പ്രതീക്ഷിത ചെലവ് -Rs 3000

◆ കുട്ടിക്കൂട്ടം

കഴിഞ്ഞ അധ്യയന വർഷം റിലീസ് ചെയ്ത പത്തുറുപ്യ ഷോർട് ഫിലിമിന്റെ ആശയം ഉൾക്കൊണ്ട് കുട്ടികളിൽ സഹായ മനോഭാവം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. PTA യുടേയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും സഹകരണത്തോടെയാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നത്.